**കേരളം സർക്കാർ**
**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**
**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**
**തമ്പാനൂർ, തിരുവനന്തപുരം-695001**
E-mail: ceekinfo.cee@kerala.gov.in
Telephone: 0471 – 2332120, 2338487

## <u>വിജ്ഞാപനം</u>

## <u>KEAM - 2026</u>

## <u>എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ്</u>

## <u>പുതുതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ അവസരം</u>

2026-27 അദ്ധ്യയന വർഷത്തെ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളുടെ മൂന്നാംഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ നികത്തുന്നതിനായി സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് നടത്തുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച കേരള സ്റ്റേറ്റ് മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിനായി **20.10.2026, 06:00 PM വരെ** ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

ഓൺലൈൻ സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ് സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് **'Stray Vacancy Option Registration'**എന്ന മെനു ക്ലിക്ക് ചെയ്ത് ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. സ്ട്രേ വേക്കൻസി അലോട്ട്മെന്റ് പ്രക്രിയയിൽ ഉണ്ടാകാനിടയുള്ള ഒഴിവുകളും ഈ ഘട്ടത്തിൽ തന്നെ നികത്തപ്പെടുമെന്നതിനാൽ താത്പര്യമുള്ള എല്ലാ കോളേജിലേയ്ക്കും, കോഴ്സിലേയ്ക്കും ഓപ്ഷൻ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള കോളേജുകളിൽ/കോഴ്സുകളിൽ മാത്രം ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

### <u>സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റ് സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ</u>

- മൂന്നാംഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ചിട്ടുള്ളവർക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- മൂന്നാംഘട്ട അലോട്ട്മെന്റിനെ തുടർന്ന് കോളേജുകളിൽ പ്രവേശനം നേടിയവർക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- മുൻഘട്ടങ്ങളിലെ അലോട്ട്മെന്റുകളെ തുടർന്ന്, പ്രവേശനം നേടിയ കോളേജിൽ നിന്നും **07.10.2026 രാവിലെ 10:00 മണിക്ക്** ശേഷം വിടുതൽ വാങ്ങിയവർക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ ലഭിക്കുന്ന സീറ്റുകളിൽ പിന്നീട് യാതൊരു കാരണവശാലും മാറ്റം അനുവദിക്കുന്നതല്ല.
- **Phase I, Phase II, Phase III** അലോട്ട്മെന്റ് ഘട്ടങ്ങളിൽ അലോട്ട്മെന്റ് ലഭിക്കുകയും

ഇപ്പോഴും പ്രവേശനത്തിൽ തുടരുന്നതുമായവർക്ക് സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

- **AIQ** സ്ട്രേയ്‌ഘട്ട അലോട്ട്മെന്റിന് ശേഷം അഖിലേന്ത്യാ ക്വാട്ടാ കൗൺസിലിംഗിൽ പങ്കെടുത്തിട്ടുള്ളവരുടെ **Allotted Candidate** ലിസ്റ്റ് **MCC** നൽകുന്നതാണ്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരെ അവർ ഓപ്ഷൻ രജിസ്റ്റർ ചെയ്തിരുന്നാൽപ്പോലും സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പരിഗണിക്കുന്നതല്ല. അഖിലേന്ത്യാ ക്വാട്ടാ അഡ്മിഷനിൽ തുടരുന്നവർക്കും സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

**<u>രജിസ്ട്രേഷൻ ഫീസ്</u>**

സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് താഴെ പറയും പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസ് ബാധകമായിരിക്കും. രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിന് മുമ്പായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.

- സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ഗവ. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ മാത്രം ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികൾ രജിസ്ട്രേഷൻ ഫീസായി **10,000/-** രൂപ (പതിനായിരം രൂപ) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- ഗവ. എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലും, സ്വാശ്രയ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലും ഉൾപ്പെടെ ഓപ്ഷൻ നൽകുന്ന വിദ്യാർത്ഥികൾ **25,000/-** രൂപ (ഇരുപത്തി അയ്യായിരം രൂപ രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- എസ്.സി/എസ്.ടി/ഒ.ഇ.സി/മത്സ്യതൊഴിലാളികളുടെ മക്കൾ/ **OEC** യ്ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ **/20.06.2005** തീയതിയിലെ **G.O(MS)No.25/2005/SCSTDD, G.O(MS)No.10/20148/BCDD** തീയതി **23.05.2014** എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ ചിത്ര ഹോം, ജൂവനൈൽ ഹോം, നിർഭയ ഹോം എന്നിവയിലെ വിദ്യാർത്ഥികളും **5000/-** രൂപ രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. സെൽഫ് ഫിനാൻസിംഗ് കോളേജുകളിലെ എൻ.ആർ.ഐ/മൈനോരിറ്റി ക്വാട്ടയിൽ പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ഫീസാനുകൂല്യം ലഭ്യമാകില്ല.
- പ്രവേശന പരീക്ഷാ കമ്മീഷണറുടെ മുൻ അലോട്ട്മെന്റ് മുഖേന എം.ബി.ബി.എസ്/ബി.ഡി.എസ്. കോഴ്സുകളിൽ പ്രവേശനം നേടുകയും **28.09.2026** ലെ വിജ്ഞാപന പ്രകാരം നിശ്ചിത തീയതിക്കുള്ളിൽ വിടുതൽ വാങ്ങുകയും ചെയ്ത വിദ്യാർത്ഥികൾ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച തുക രജിസ്ട്രേഷൻ ഫീസിനെക്കാൾ അധികമാണെങ്കിൽ രജിസ്ട്രേഷൻ ഫീസ് അടയ്ക്കേണ്ടതില്ല. എന്നാൽ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച തുക രജിസ്ട്രേഷൻ ഫീസിനെക്കാൾ കുറവാണെങ്കിൽ ബാക്കി തുക അടയ്ക്കേണ്ടതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റിലൂടെ എം.ബി.ബി.എസ്./ബി.ഡി.എസ്. ഒഴികെ മറ്റ് കോഴ്സുകൾക്ക് വിദ്യാർത്ഥികൾ അടച്ച തുക രജിസ്ട്രേഷൻ ഫീസിനത്തിൽ വകയിരുത്തുന്നതല്ല. അത്തരം വിദ്യാർത്ഥികൾ മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള മുഴുവൻ തുകയും രജിസ്ട്രേഷൻ ഫീസായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്.
- പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ **'കാൻഡിഡേറ്റ് പോർട്ടൽ'**വഴി ലോഗിൻ ചെയ്യുമ്പോൾ ലഭ്യമാകുന്ന സ്ട്രേ വേക്കൻസി രജിസ്ട്രേഷൻ പേജിൽ വിദ്യാർത്ഥികൾ നൽകുന്ന വിവരങ്ങൾക്കനുസരിച്ച് അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് നിശ്ചയിക്കപ്പെടുന്നതാണ്. സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിൽ ബാധകമായ രജിസ്ട്രേഷൻ ഫീസ് ഒടുക്കിയതിനു ശേഷം മാത്രമേ വിദ്യാർത്ഥികൾക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ സാധിക്കുകയുള്ളു. ഒരിക്കൽ രജിസ്ട്രേഷൻ ഫീസ് അടച്ചു കഴിഞ്ഞാൽ പിന്നീട് രജിസ്ട്രേഷൻ ഫീസിൽ ഒരു

തരത്തിലുള്ള മാറ്റവും അനുവദിക്കുന്നതല്ല. ആയതിനാൽ രജിസ്ട്രേഷൻ ഫീസ് നിശ്ചയിക്കുന്നതിനായി വിവരങ്ങൾ നൽകുമ്പോൾ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

- ഗവ. എം.ബി.ബി.എസ്/ബി.ഡി.എസ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ തുക അലോട്ട്മെന്റ് ലഭിച്ച കോഴ്സുകളുടെ ഫീസിനത്തിൽ വകയിരുത്തുന്നതാണ്. സ്വകാര്യ/സ്വാശ്രയ എം.ബി.ബി.എസ്/ ബി.ഡി.എസ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ ഫീസ് എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശന നടപടികൾ അവസാനിച്ചശേഷം തിരികെ നൽകുന്നതാണ്.
- സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെ അലോട്ട്മെന്റ് ലഭിച്ചശേഷം നിശ്ചിത തീയതിക്കുള്ളിൽ പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെയും സ്ട്രേ വേക്കൻസി ഫില്ലിംഗ് അലോട്ട്മെന്റിലൂടെയോ മുൻ അലോട്ട്മെന്റിലൂടെയോ പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളുടെയും അവരവർക്ക് ബാധകമായ രജിസ്ട്രേഷൻ ഫീസ് പെനാൽറ്റിയായി കണക്കാക്കുന്നതും തിരികെ നൽകുന്നതുമല്ല. കൂടാതെ ഇത്തരം വിദ്യാർത്ഥികളിൽ നിന്നും പ്രോസ്പെക്ടസ് ക്ലോസ് 12.2.4 പ്രകാരം പിഴ ഈടാക്കുന്നതുമാണ്.
- അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുകയും പഠനം തുടരുകയും ചെയ്യും എന്നുറപ്പുള്ള കോളേജിലേയ്ക്കും, കോഴ്സുകളിലേയ്ക്കും മാത്രം ഓപ്ഷനുകൾ നൽകാൻ വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

**<u>താത്ക്കാലിക അലോട്ട്മെന്റ് ഷെഡ്യൂൾ</u>**

| | |
|---|---|
| **17.10.2026** | ഓൺലൈൻ സ്ട്രേ വേക്കൻസിഫില്ലിംഗ് അലോട്ട്മെന്റ് ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വെബ് സൈറ്റ് സജ്ജമാകുന്നു. |
| **20.10.2026, 06:00 PM** | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| **21.10.2026** | താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **22.10.2026** | അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **23.10.2026, to 26.10.2026, 4:00 PM** | അലോട്ട്മെന്റ് മേമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ ബാക്കി തുക (ബാധകമെങ്കിൽ) ഒടുക്കി അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ പ്രവേശനം നേടാനുള്ള സമയം |
| **26.10.2026, 5:00 PM** | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ **OAMS** മുഖേനഅപ്ഡേറ്റ് ചെയ്യാനുള്ള സമയം |

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ **<u>www.cee.kerala.gov.in</u>** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്.

**ഹെൽപ് ലൈൻ നമ്പർ : 04712332120, 2338487**

Digitally signed by
R Manoj
Date: 17-10-2026
17:57:55

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**

തിരുവനന്തപുരം

**17-10-2026**